**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1996** **20-06-2024 - ൽ മറുപടിയ്ക്ക്**

**റാഗിങ് തടയാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂക്കോട് വെറ്ററിനറി കോളേജിൽ ക്രൂരമായ റാഗിങ്ങിന് വിധേയമായി വിദ്യാർത്ഥി ജീവനൊടുക്കിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്; പൂക്കോട് വെറ്ററിനറി കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥി റാഗിങ്ങിന് ഇരയായതിനെ തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിന് അതീവ ഗൗരവം നൽകി അനന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ ഇടിമുറികൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിട്ടുണ്ടോ; | (ബി) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ അത്തരം പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിൽ റാഗിങ്ങ് തടയാനും ഇടിമുറികൾ ഇല്ലാതാക്കാനും അതിക്രമങ്ങൾ തടയാനും കാര്യക്ഷമമായ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ? | (സി) | വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ റാഗിങ്ങ് തടയാനും അതിക്രമങ്ങൾ തടയാനും കാര്യക്ഷമമായ ഇടപെടലുകൾ നടത്തി വരുന്നു. പൂക്കോട് വെറ്ററിനറി കോളേജിൽ റാഗിങ് ആവർത്തിക്കാതിരിക്കുന്നതിന് ചുവടെ പരാമർശിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1.കോളേജിനു കീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.<br>2.ക്യാമ്പസിലും മറ്റ് സുപ്രധാന ഏരിയകളിലും ഹോസ്റ്റലുകളിലും സി.സി.ടി.വി-കൾ സ്ഥാപിച്ചിട്ടുണ്ട്<br>3.എല്ലാ ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>4.എല്ലാ ഹോസ്റ്റലുകളിലും നിലവിലുണ്ടായിരുന്ന അസി. വാർഡന്മാരെ മാറ്റി നിയമിക്കുകയും അവർക്ക് വേണ്ടതായ സപ്പോർട്ടിംങ് സ്റ്റാഫുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.<br>5.കോളേജിന്റെ ആന്റി റാഗിങ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ